**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2090** **11-10-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ഒരുക്കുന്ന ഇ-ഹെൽത്ത് പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നി വിടങ്ങളിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് സ്ഥാപിക്കുന്ന ഇ ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ നെറ്റ് വർക്ക് വയറിംഗ്, യു.പി.എസ് വയറിംഗ്, കമ്പ്യൂട്ടർ അനുബന്ധ ഉപ കരണങ്ങൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായിട്ടുണ്ട്. ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കി ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) | പദ്ധതി പൂർത്തീകരിക്കുന്നതോടെ ജനങ്ങൾക്ക് ലഭ്യമാവുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | ഇ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഓരോ വ്യക്തിക്കും ആധാർ നമ്പർ അടിസ്ഥാനമാക്കി ഒരു UHID നൽകുന്നു. ഇ ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുമ്പോൾ UHID ഉപയോഗിച്ച് പ്രസ്തുത വ്യക്തിയുടെ എല്ലാ ചികിത്സാ വിവരങ്ങളും (ക്ലിനിക്കൽ ഡീറ്റെയിൽസ്) ഡോക്ടർക്ക് ഓൺലൈനായി ലഭ്യമാകുന്നു. രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒപി ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായി തീരുന്നു. ഒപി ക്ലിനിക്കുകൾ, ഫാർമസി, ലാബറട്ടറി, എക്സ്റേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാനത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു. ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ് വർക്ക് വഴി ഫാർമസികളിലും, ലാബറട്ടറികളിലും എക്സ്റേ കൗണ്ടറിലും ഓൺലൈനായി എത്തുന്നു. ടെസ്റ്റ് റിസൽറ്റുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽ സമയം ലഭ്യമാകുന്നു. വ്യക്തികളുടെ സമഗ്രമായ ആരോഗ്യ രേഖകൾ ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ |

| | | | |
|---|---|---|---|
| | | | തുടർ ചികിത്സകൾക്കു വേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിത്സ സംഗ്രഹം ഒ◌ാൺലൈനായി ലഭിക്കുന്നതിനാൽ കൃത്യമായ തുടർ ചികിത്സ നിർണ്ണയിക്കാൻ സാധിക്കുന്നു. രോഗികൾക്കു തങ്ങളുടെ ചികിത്സാസംബന്ധിയായ രേഖകൾ കൊണ്ടു നടക്കേണ്ട ആവശ്യം ഇല്ലാ താകുന്നു. കൂടാതെ ഇ ഹെൽത്ത് നടപ്പിലാക്കിയ ഏത് ആശുപത്രിയിൽ നിന്നും പ്രസ്തുത ആശുപത്രിയിലേയോ അല്ലെങ്കിൽ മറ്റേ തെങ്കിലും ആശുപത്രിയിലേയോ ടോക്കൺ മുൻകൂർ എടുക്കുവാനും മറ്റേത് ആശുപത്രിയിലേയ്ക്കും റഫർ ചെയ്യാനും ഡോക്ടർക്കു സാധ്യമാണ്. ഇതോടൊപ്പം തന്നെ പൊതുജനങ്ങൾക്ക് വെബ് പോർട്ടൽ മുഖേന മുൻകൂർ ടോക്കണുകൾ എടുക്കുവാനുള്ള സൗകര്യവും ലഭ്യമാണ്. അക്ഷയ കേന്ദ്രങ്ങൾ വഴിയും ഒ◌ാൺലൈൻ അപ്പോയിൻമെന്റ് ബുക്കിംഗിനുള്ള സൗകര്യം ഉടനെ നിലവിൽ വരുന്നതാണ്. നിശ്ചിത കാലയളവിനുള്ളിൽ ഡോക്ടറെ വീണ്ടും കാണേണ്ടുന്ന രോഗികൾക്ക് അടുത്ത തവണ കാണുവാനുള്ള ടോക്കൺ, ഡോക്ടർ കൺസൾട്ടേഷൻ റൂമിൽ വച്ച് തന്നെ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ